I-7

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 624 — 29/06/2015-ൽ മറുപടിയ്ക്ക്

### ബഡ്ജറ്റിൽ വകയിരുത്തിയ തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സാജു പോൾ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനും കാര്യപ്രാപ്തി മെച്ചപ്പെടുത്തുന്നതിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനും കാര്യപ്രാപ്തി മെച്ചപ്പെടുത്തുന്നതിനുമായി 2014-15 സാംപത്തിക വർഷം 521.21 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് പദ്ധതികൾ നടപ്പിലാക്കുന്നതിനായി 464.24 കോടി രൂപയും പൊതുമരാമത്ത് വകുപ്പിന് 48.5 കോടി രൂപയും ഗ്രാമവികസന വകുപ്പിന് 9 കോടി രൂപയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചു. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയ 464.24 കോടി രൂപയിൽ 409.22 കോടി രൂപ (88.15%) ചെലവഴിക്കുകയും ടി സാംപത്തിക വർഷത്തിൽ ചെലവഴിക്കാൻ സാധിക്കാതിരുന്ന 14.13 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജറിലേക്ക് മാറ്റുകയും ചെയ്തു. ഇത്തരത്തിൽ 2014-15 സാംപത്തിക വർഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച തുക വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഇതിലേയ്ക്കായി വകയിരുത്തിയ തുക വക മാറ്റുകയുണ്ടായോ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇതിലേയ്ക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചുവെന്നും എത്ര തുക വകമാറ്റി ചെലവഴിച്ചുവെന്നും അറിയിക്കുമോ ? | (ബി) | 2014-15 സാംപത്തിക വർഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച തുക 464.24 കോടി രൂപ, ചെലവഴിച്ചത് 409.22 കോടി രൂപ. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 628** **29/06/2015-ൽ മറുപടിയ്ക്ക്**

# ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി. ശശി :** | | **ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവർഗ്ഗക്കാർക്ക് 2012-13 മുതൽ 2014-15 വരെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കുമോ; | (എ)<br>(ബി)<br>(സി)<br>(ഡി) | പട്ടികവർഗ്ഗക്കാർക്ക് 2012-13 മുതൽ 2014-15 വരെ ദേശീയ ഗ്രാമീണ കടിവെള്ള പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ 934.82 ലക്ഷം രൂപ നല്കിയിട്ടുണ്ട്.<br><br>സാംപത്തികവർഷം തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.<br><br>2012-13 - 355.98 ലക്ഷം രൂപ<br>2013-14 - 302.40 ലക്ഷം രൂപ<br>2014-15 - 276.44 ലക്ഷം രൂപ<br><br>ഓരോ വർഷവും തുടങ്ങിയ പദ്ധതികളുടെ പേരു വിവരം, പഞ്ചായത്തിൽ ചെലവഴിച്ച തുക, പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1, 2 എന്നിവയിൽ ചേർത്തിരിക്കുന്നു. |
| (ബി) | നൽകിയിട്ടുള്ള തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കും പ്രസ്തുത തുക വിനിയോഗിച്ച് ഓരോ വർഷവും തുടങ്ങിയ പദ്ധതികളുടെ പേരു വിവരവും വ്യക്തമാക്കുമോ ; | | |
| (സി) | ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപാ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; | | |
| (ഡി) | ഇവയിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചു വെന്നും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്